നമ്പർ.സി.ബി (1)35370/2004 സഹകരണസംഘം രജിസ്ട്രാർ ആഫീസ്

കേരള, തിരുവനന്തപുരം, തീയതി: 01/06/2005

സർക്കുലർ നമ്പർ: 20/2005

വിഷയം: സഹകരണവകുപ്പ് - നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുന്നതു സംബന്ധിച്ച് - നിർദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന: ജി.ഒ.(പി)നമ്പർ 162/2000/സഹ. തീയതി, തിരുവനന്തപുരം 29/12/2000.

സംസ്ഥാനത്തിലെ പ്രവർത്തനരഹിതമായതോ, പ്രവർത്തനം മന്ദീഭവിച്ചതോ, ലിക്വിഡേഷനിലോ ഉള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഒഴികെ മറ്റെല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ബാധകമാക്കിക്കൊണ്ട് നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കുന്നതിന് സൂചന ഒന്ന് പ്രകാരം ഗവൺമെന്റ് പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചുവെങ്കിലും, ടി വിജ്ഞാപന പ്രകാരം എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും ഈ പദ്ധതിയിൽ അംഗമായി ചേർന്നിട്ടില്ല എന്ന് 22/2/2005 ന് ബഹു: സഹകരണ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പദ്ധതിയുടെ നടത്തിപ്പിനുള്ള സംസ്ഥാന തലകമ്മിറ്റിയുടെ യോഗത്തിലും, 28/2/2005ൽ പാലക്കാട് ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസിലും വലിയിരുത്തുകയും ചർച്ച ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അർഹതയുള്ള എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളെയും ഈ പദ്ധതിയിൻ കീഴിൽ കൊണ്ടു വരണമെന്ന് തീരുമാനിക്കുകയുണ്ടായി. യോഗങ്ങളിലെ തീരുമാനങ്ങളുടെ വെളിച്ചത്തിൽ ചുവടെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അർഹതയുള്ള എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെയും ഈ പദ്ധതിയിൻ കീഴിൽ കൊണ്ടു വരുന്നതിന് അതാതു ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ പുതുക്കിയ ലിസ്റ്റ് തയ്യാറാക്കി അപ്രകാരമുള്ള എല്ലാ സംഘങ്ങളെയും പദ്ധതിയിൽ ചേരാൻ നിർദേശം നൽകേണ്ടതും സംഘങ്ങളുടെ പട്ടിക അതാത് ജില്ലാ ബാങ്കിനെ ഉടൻ അറിയിക്കേണ്ടതുമാണ്.
2. തിരുവനന്തപുരം, കാസർകോഡ് ജില്ലാ സഹകരണ ബാങ്കുകൾ കോർപ്പസ് ഫണ്ടിലേയ്ക്ക് നൽകാനുള്ള വിഹിതങ്ങൾ ഉടൻ അടയ്ക്കേണ്ടതാണ്.
3. പ്രാഥമിക സംഘങ്ങളിൽ നിന്നും ലഭിക്കുവാനുള്ള കുടിശ്ശിക തുകയും ബാങ്കു വിഹിതവും അടയ്ക്കാത്ത എറണാകുളം, തൃശൂർ ജില്ലാ സഹകരണ ബാങ്കുകൾ ഉടൻ ടി തുക അടയ്ക്കേണ്ടതാണ്.
4. ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാരും പ്രാഥമിക വായ്പാ സംഘ്ങ്ങളുടെ പ്രതിമാസ അവലോകന സമ്മേളനങ്ങളിൽ ഈ പദ്ധതിയുടെ

പ്രവർത്തനം കൃത്യമായി വിലയിരുത്തേണ്ടുന്നതും പദ്ധതിയിൽ എല്ലാ സംഘങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. പദ്ധതിയുടെ നടത്തിപ്പിനായി നിശ്ച യിച്ചിട്ടുള്ള ജില്ലാ തല കമ്മിറ്റി ഉടൻ വിളിച്ചു കൂട്ടുന്നതിന്, ജില്ലാ ബാങ്ക് ജനറൽ മാനേ ജർമാർ നടപടി സ്വീകരിയ്ക്കേണ്ടതും, ഇപ്രകാരം വിളിച്ചു കൂട്ടുന്നു എന്ന് ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പു വരുത്തേണ്ടതുമാണ്.

5. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരും പദ്ധതിയിൽ ചേരാൻ അർഹതയുള്ള സംഘങ്ങൾ, പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സംഘങ്ങൾ, കോർപ്പസ് ഫണ്ടിലേയ്ക്ക് സംഘങ്ങൾ അടച്ചിട്ടുള്ള തുക, ജില്ലാ ബാങ്കുകൾ അടച്ചിട്ടുള്ള തുക, സംസ്ഥാന സഹ കരണ ബാങ്കിന്റെ വിഹിതം, സർക്കാർ വിഹിതം ഇവ കാണിയ്ക്കുന്ന വിശദമായ ത്രൈമാസിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കി രജിസ്ട്രാർക്ക് യഥാസമയം സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

കെ.കേശവൻ

സഹകരണസംഘം രജിസ്ട്രാർ (ഇൻചാർജ്)

1. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക് തിരുവനന്തപുരം
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്)മാർക്കും
3. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർമാർക്കും.
4. സെക്രട്ടറി, സഹകരണ വകുപ്പ് (ആവരണ കത്ത് സഹിതം)
5. എല്ലാ പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾക്കും, അസിസ്റ്റന്റ് രജിസ്ട്രാർ (ജന റൽ)മാർക്കും (ജോയിൻര് രജിസ്ട്രാർ (ജനറൽ) മുഖേന)
6. എഡിറ്റർ, സഹകരണ ജേർണൽ, സംസ്ഥാന സഹകരണ യൂണിയൻ
7. എഡിറ്റർ, സഹകരണ വീഥി, സഹകരണസംഘം രജിസ്ട്രാർ ആഫീസ്, തിരുവനന്ത പുരം
8. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി.